(എ) പരസ്യങ്ങളിലൂടെ ഉദ്യോഗാർത്ഥികളെയും വിദ്യാർത്ഥികളെയും കബളിപ്പിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികളെക്കുറിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പരസ്യങ്ങൾ പത്രങ്ങളിൽ നൽകുന്ന ഏജൻസികൾക്ക് സർക്കാർ രജിസ്ട്രേഷൻ ഉണ്ടോ;

(സി) ഇല്ലെങ്കിൽ നിയമപരമായി പ്രസ്തുത ഏജൻസികളെ നിരോധിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഏജൻസികൾക്ക് രജിസ്ട്രേഷൻ നൽകേണ്ടതും ഏജൻസികളെ നിരോധിക്കാൻ നടപടി സ്വീകരിക്കേണ്ടതും കേന്ദ്രസർക്കാരാണ്.

ഗൾഫ് മലയാളികളുടെ ജോലി സുരക്ഷിതത്വം

73 [3124] ശ്രീ. മഞ്ഞളാംകുഴി അലി:

,, സാജുപോൾ:

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:

,, ഗിരിജാ സുരേന്ദ്രൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലി സുരക്ഷിതത്വം നഷ്ടമാകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നിയമങ്ങൾ കർക്കശമാക്കുന്നതുമൂലം ഗൾഫ് മലയാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഗൾഫ് മലയാളികളുടെ ജോലി സുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) 1. ഗൾഫ് നാടുകളിൽ ജോലിക്കുള്ള മിനിമം വിദ്യാഭ്യാസ യോഗ്യത S. S. L. C.ആയി നിശ്ചയിച്ചതിനാൽ S. S. L.C തോറ്റവർക്കായി S. S. L.C തുല്യതാ പരീക്ഷ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ഗൾഫ് നാടുകളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യുന്നതിന് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ അറ്റസ്റ്റേഷൻ സെന്ററുകൾ ആരംഭിച്ചു. കൊച്ചിയിൽ അനുവദിച്ചിട്ടുള്ള സെന്റർ താമസംവിനാ ആരംഭിക്കുന്നതാണ്.

മൊബൈൽ ഫോൺ ഉപഭോക്താക്കൾ

74 [3125] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൊബൈൽഫോൺ ഉപഭോക്താക്കൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ എത്ര മൊബൈൽഫോൺ ടവറുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ബി. എസ്. എൻ. എൽ., എസ്കോട്ടൽ, ബി. പി. എൽ., എയർടെൽ, ടാറ്റാ, റിലയൻസ് എന്നിങ്ങിനെ ഓരോ കമ്പനിക്കും എത്ര ടവറുകൾ വീതമുണ്ടെന്നും അടുത്ത ഒരു വർഷത്തിനുള്ളിൽ ഓരോ കമ്പനിയും എത്ര ടവറുകൾ വീതം സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ബി. എസ്. എൻ. എൽ. ഉൾപ്പെടെയുള്ള കമ്പനികൾക്ക് മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഇല്ലെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ടവറുകളിൽനിന്നും മൊബൈൽഫോണുകളിൽനിന്നുമുള്ള മൈക്രോവേവ് റേഡിയേഷൻ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗവും, വർദ്ധിച്ചു വരുന്ന മൊബൈൽഫോൺ തരംഗവും തമ്മിൽ ബന്ധമുള്ളതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ജി) മൊബൈൽഫോൺ ടവറുകൾ ഉയർത്തുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പരിഗണിച്ച് ടവറുകളുടെ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എച്ച്) മൊബൈൽഫോൺ കേബിളുകൾ ഇടുന്നതിനും മറ്റും ബി. എസ്. എൻ. എൽ. ഉൾപ്പെടെയുള്ള മൊബൈൽ ഫോൺ കമ്പനികൾ റോഡുകൾ കുഴിക്കുന്നതിനും മറ്റും സർക്കാരിൽ നിന്നും അനുമതി വാങ്ങാറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly